# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3904**

**21.10.2016 - ൽ**
**മറുപടിക്ക്**

## നെൽകൃഷിയുള്ള സബ്സിഡി

**ചോദ്യം**
**ശ്രീ. പാറക്കൽ അബ്ദുല്ല**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) കേരള സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റ വിത്തു വാങ്ങി കൃഷിയിറക്കുന്നവർക്ക് മാത്രം സബ്സിഡി നൽകിയാൽ മതിയെന്ന കൃഷി വകുപ്പിന്റെ ഉത്തരവ് നിലവിലുണ്ടോ;<br>ബി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിൽ എന്തു മാറ്റമാണ് പുതുതായി വരുത്തിയിട്ടുള്ളത്; | എ) & ബി) ഇല്ല. കൃഷി ഡയറക്ടറുടെ 03/09/2016-ലെ പുന:പരിഷ്കരിച്ച സർക്കുലർ പ്രകാരം നെൽകൃഷിക്കാവശ്യമായ വിത്ത് നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് സീഡ് ഡവലെപ്പ്മെന്റ് അതോറിറ്റി, കർണാടക സീഡ് കോർപ്പറേഷൻ സർക്കാർ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതിന് പുറമെ കർഷകർ സ്വന്തമായി ശേഖരിച്ചിട്ടുള്ള നെൽ വിത്തുകൾക്കും സബ്സിഡി നൽകുന്നതാണ്. |
| സി) സർക്കാർ വകുപ്പുകളിലൂടെ ലഭിക്കുന്ന വിത്തുകൾ ചിലത് സംഭരണശാലകളിൽ കെട്ടിക്കിടക്കുന്നവ ആയതിനാൽ പലപ്പോഴും മുളയ്ക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) അങ്കുരണ ശേഷി പരിശോധനാലാബുകളിൽ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷമാണ് കൃഷി വകുപ്പ് കർഷകർക്ക് വിത്ത് നൽകി വരുന്നത്. വിത്തുകളുടെ അങ്കുരണശേഷി കുറഞ്ഞതായി കണ്ടാൽ പകരം നല്ല വിത്ത് സൗജന്യമായി നൽകുന്നുണ്ട്. |
| ഡി) ഒരു ഹെക്ടർ ഭൂമിയിലെ കൃഷിക്ക് എത്ര രൂപയാണ് സബ്സിഡി ; സബ്സിഡി ലഭിക്കുന്ന കൃഷിഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ഡി) സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 1,500/- രൂപ, പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതിയിൽ 10,000/- രൂപ, ആർ.കെ.വി.വൈ. തരിശുനില നെൽകൃഷി പദ്ധതിയിൽ 7,500/- എന്നീ കണക്കിനാണ് സബ്സിഡി നൽകിവരുന്നത്.<br>2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള കർഷകർക്ക് മാത്രമേ നിലവിലെ നിയമമനുസരിച്ച് സബ്സിഡിക്കർഹതയുള്ളൂ. ഉല്പാദന ചിലവുകൾക്കായി ഹെക്ടറിന് 6,000/- രൂപ തോതിൽ ത്രിതല പഞ്ചായത്ത് നൽകുന്നുണ്ട്. |
| ഇ) പ്രാചീന നെൽവിത്തുകൾ കൃഷി ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക സഹായം കൃഷി വകുപ്പ് നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇ) പരമ്പരാഗത നെൽവിത്തുകൾ കൃഷി ചെയ്യുന്നതിനും ആയതിന്റെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി പ്രത്യേക നെല്ലിനങ്ങളുടെ വികസനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിനായി ഒരു ഹെക്ടറിന് 10,000/- രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമേ നെല്ലിന്റെ വർഷമായി ഈ വരുന്ന ഒരു വർഷം ആചരിക്കുകയാണ്. ഈ പരിപാടിയുടെ ഭാഗമായ പരമ്പരാഗതമായതും പ്രാചീനമായി ഉപയോഗിച്ചു വരുന്നതുമായ നെല്ലിനങ്ങളെ കൃഷി ചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രത്യക പദ്ധതി നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**